**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 60 11-12-12 ൽ മറുപടിക്ക്**

**കാരുണ്യ ബനവലന്റ് പദ്ധതി**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ :<br>ശ്രീ.മോൻസ് ജോസഫ് :<br>ശ്രീ.റ്റി.യു.കുരുവിള : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ എത്ര രോഗികൾക്ക് ആശ്വാസം നൽകുവാൻ കഴിഞ്ഞു ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലൂടെ നാളിതുവരെ 5404 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ വിജയം കണക്കിലെടുത്ത് കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | 1) സർക്കാരിതര ആശുപത്രികളിലുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഉപഭോക്താക്കൾക്കു കൂടി സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടു കൂടി ഈ ആശുപത്രികളേയും ഈ പദ്ധതിയിലേയ്ക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>2) നിലവിൽ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് ചികിത്സയ്ക്കുള്ള പരിമിതമായ സൗകര്യങ്ങൾ കണക്കിലെടുത്ത് ഡയാലിസിസ് ചികിത്സ ആവശ്യമായി വരുന്ന രോഗികളുടെ ധനസഹായത്തുകയിൽ നിന്നും മുൻകൂറായി തുക അനുവദിച്ച് സർക്കാർ ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്ത് ഡയാലിസിസ് മെഷീനുകൾ വീതമുള്ള രണ്ട് യൂണിറ്റുകൾ മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോഴിക്കോട് എന്നിവിടങ്ങളിൽ തുടങ്ങുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3) സംസ്ഥാനത്തെ എല്ലാ ഹീമോഫീലിയ രോഗികളേയും രജിസ്റ്റർ ചെയ്ത് ഓരോ ജില്ലയിലെയും അംഗീകൃത ആശുപത്രികളിലൂടെ കാരുണ്യ ബെനവലന്റ് |

| | | |
|---|---|---|
| | | ഫണ്ട് പദ്ധതിയിലൂടെ പരമാവധി ധനസഹായമായ രണ്ട് ലക്ഷം രൂപ എന്ന പരിമിതിക്കുള്ളിൽ അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ മരുന്നുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ